കവർസ്റ്റോറി

എം.എം അക്ബർ
ഡയറക്ടർ, നിച്ച് ഓഫ് ട്രൂത്ത്

# മതസംവാദങ്ങൾ ശരിയും തെറ്റും



**“ഇസ്‌ലാമിനെക്കുറിച്ച** എന്റെ പല ധാരണകളും തിരുത്തപ്പെടേണ്ടതാണെന്നും ഇസ്‌ലാം ഗൗരവതരമായ പഠനം അർഹിക്കുന്ന ദർശനമാണെന്നും നാലു മണിക്കൂറുകൾ നീണ്ട ഈ ഹിന്ദു-മുസ്‌ലിം സംവാദം എന്നെ തെര്യപ്പെടുത്തി” - വിശ്വഹിന്ദുപരിഷത്ത് പ്രസിഡന്റായിരുന്ന പ്രഫ. ഡോ. പൂന്തേഴത്ത് രാമചന്ദ്രൻ

*****

ദൈവിക മാർഗദർശന പ്രകാരമുള്ള ജീവിതമാണ് മതം കൊണ്ട് ഇസ്‌ലാം വിവക്ഷിക്കുന്നത്. മനുഷ്യജീവിതത്തെ സമ്പൂർണവും സമൂലവുമായി പരിവർത്തിപ്പിക്കുകയാണ് മതത്തിന്റെ ധർമം. മനസ്സിന്റെ സംസ്കരണത്തിലൂടെ മാത്രമേ ജീവിതത്തിന്റെ നിഖില മേഖലകളെയും പരിവർത്തിപ്പിക്കാനാവൂ. അതുകൊണ്ടുതന്നെ മനുഷ്യമനസ്സുകളോടാണ് മതം സംസാരിക്കുന്നത്. യുക്തിബോധവും വൈകാരികതയും മനസ്സിന്റെ രണ്ടു തലങ്ങളാണ്. ഇവ രണ്ടിനെയും ഒരേ രൂപത്തിൽ പരിഗണിക്കുന്നതുകൊണ്ടാണ് മതത്തിന് മാനവികതയെ പൂർണമായി പ്രകാശിപ്പിക്കാനാവുന്നത്. ഇസ്‌ലാമിക പ്രമാണങ്ങൾ മനുഷ്യബുദ്ധിയെ സംതൃപ്തമാക്കുകയും അവയിലെ സദുപദേശങ്ങൾ വൈകാരികതയെ യുക്തിയുമായുള്ള പാരസ്പര്യത്തിന് നിമിത്തമാക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെയാവണം ദൈവികമാർഗത്തിലേക്കുള്ള ക്ഷണം പ്രമാണങ്ങളുപയോഗിച്ച്, യുക്തിയെ പ്രവർത്തനക്ഷമമാക്കുകയും സദുപദേശങ്ങളിലൂടെയും മാനസികമാറ്റത്തിന് നിമിത്തമായേക്കാവുന്ന നല്ല രീതിയിലുള്ള വാദപ്രതിവാദങ്ങളിലൂടെയുമാകണമെന്ന് ഖുർആൻ നിഷ്കർഷിച്ചത്: “യുക്തി ദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചു കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെ പറ്റിയും അവൻ നല്ല വണ്ണം അറിയുന്നവനത്രെ”(16:125).

ശുദ്ധമായ ഏകദൈവാരാധനയിലും പരലോകബോധത്തിലും അധിഷ്ഠിതവും പ്രമാണബദ്ധവുമായ ജീവിതം നയിക്കാൻ ആരംഭിക്കു



അഹ്മദ് ദീദാത്ത്

**വ്യത്യസ്ത മതവിശ്വാസികൾ തമ്മിൽ സൗഹൃദപൂർണമായ സഹവർത്തിത്വമാണുണ്ടാവേണ്ടതെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ഇന്ത്യയെപ്പോലുള്ള ബഹുമത-മത നിരപേക്ഷ സാമൂഹിക സംവിധാനത്തിൽ ഇത്തരം സഹവർത്തിത്വം ഏറെ പ്രധാനവും രാഷ്ട്രപുരോഗതിക്ക് അനിവാര്യവുമാണെന്ന കാര്യത്തിലും രണ്ട് അഭിപ്രായമുണ്ടാകാനിടയില്ല. എന്നാൽ മതസമന്വയത്തിലൂടെയാണ് മതസൗഹാർദമുണ്ടാവേണ്ടത് എന്ന വാദം നിരർത്ഥകമാണ്. മതസമന്വയം ഒരു ഉട്ടോപ്യൻ ആശയമാണ്.**

മ്പോഴാണ് ഒരാൾ മുസ്‌ലിമായിത്തീരുന്നത്. ഇസ്‌ലാമിലേക്കുള്ള പ്രവേശന പ്രതിജ്ഞ ചൊല്ലുന്നയാൾ മനസ്സിനെയും പ്രവൃത്തിയെയും ഒരേ പോലെ വിമലീകരിക്കുകയാണ് ചെയ്യുന്നത്. ജീവിത വിശുദ്ധി അടിച്ചേൽപ്പിക്കാനാവുന്ന കാര്യമാണെന്ന് ഇസ്‌ലാം കരുതുന്നില്ല. ശുദ്ധമായ മനസ്സിൽനിന്ന് സ്വാഭാവികമായി മുളപൊട്ടുന്നതാണത്. ഇങ്ങനെ പരിശുദ്ധിയിൽ നിന്ന് പൊട്ടിയ മുളകൾ എങ്ങനെ വളരണമെന്നതിനുള്ള കൃത്യവും നിഷ്കൃഷ്ടവുമായ മാർഗരേഖ നൽകുന്നുണ്ട് ഇസ്‌ലാം എന്നത് നേരാണ്. എന്നാൽ മനസ്സിന്റെ വിമലീകരണത്തിലേക്ക് ജനങ്ങളെ നയിക്കേണ്ടത് നിർബന്ധപൂർവമോ പ്രലോഭനങ്ങളിലൂടെയോ അല്ലെന്ന് ഇസ്‌ലാം ശക്തമായി വിലക്കുന്നുണ്ട്: "മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലിഷ്ഠമായ പാശത്തിലാകുന്നു. അത് പൊട്ടിപ്പോവുകയേയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ഖുർആൻ 2:256).

നിർബന്ധ മതപരിവർത്തനമെന്ന ആശയംതന്നെ ഇസ്‌ലാമിന് പരിചയമില്ലാത്തതാണ്. "നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ?" (ഖുർആൻ 10:99).

"വല്ലവനും നേർമാർഗം സ്വീകരിക്കുന്നപക്ഷം തന്റെ സ്വന്തം ഗുണത്തിനായി തന്നെയാണ് അവൻ നേർമാർഗം സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ചുപോകുന്ന പക്ഷം തനിക്ക് ദോഷത്തിനായി തന്നെയാണ് അവൻ വഴിപിഴച്ചുപോകുന്നത്. പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുകയില്ല. ഒരു ദൂതനെ അയക്കുന്നത് വരെ നാം (ആരെയും) ശിക്ഷിക്കുന്നതുമല്ല" (ഖുർആൻ 17:15).

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്കു നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്........" (ഖുർആൻ 18:29).

നിർബന്ധിച്ചോ പ്രലോഭിപ്പിച്ചോ മതംമാറ്റത്തിന് ശ്രമിക്കുന്നത് മാനവികതയോടും മതത്തോടും ചെയ്യുന്ന അപരാധമാണ്. ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം അതിന്റെ ആശയങ്ങൾ ഉജ്വലവും മനുഷ്യ മനസ്സുകളെ പരിവർത്തിപ്പിക്കാൻ പോന്നതുമാണ്. പ്രസ്തുത ആദർശങ്ങളെ അതേപോലെ സത്യാന്വേഷികൾക്കു മുമ്പിൽ തുറന്നുവെക്കുക മാത്രമാണ് പ്രബോധകരുടെ കടമ. ആരെയും നിർബന്ധിച്ചോ പ്രലോഭിപ്പിച്ചോ മതംമാറ്റാൻ ഖുർആനോ നബി വചനങ്ങളോ നിഷ്‌കർഷിച്ചിട്ടില്ല. മുഹമ്മദ് നബിയോടായി ഖുർആൻ പറയുന്ന വചനം എല്ലാ പ്രബോധകർക്കുമുള്ള മാർഗരേഖയാണ്: "അതിനാൽ (നബിയേ) നീ ഉത്ബോധിപ്പിക്കുക. നീയൊരു ഉത്ബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല" (88:21, 22).

തങ്ങൾ ഉൾകൊള്ളുന്ന ആശയത്തിന്റെ ഔജല്യത്തെക്കുറിച്ച് മനസ്സിലാക്കാത്തവരാണ് ആദർശത്തെ സാമൂഹിക സേവന പ്രവർത്തനങ്ങളുടെ വർണക്കടലാസിൽ പൊതിഞ്ഞ് അവതരിപ്പിക്കണമെന്ന് പറയുന്നത്. ഇസ്‌ലാമിന്റെ ആദർശം കുറ്റമറ്റതാണ്; ഉജ്വലമാണ്; മനുഷ്യ മനസ്സുകളെ ആകർഷിക്കാൻ പോന്നതാണ്. അതിനു ചുറ്റും പ്രതിയോഗികളും അനുയായികളെന്നവകാശപ്പെട്ടവരും ഉണ്ടാക്കിവെച്ചിട്ടുള്ള മാറാലകൾ ഉണ്ടെന്നത് ശരിയാണ്. പ്രസ്തുത മാറാലകൾ നീക്കി ഇസ്‌ലാമിക ആദർശത്തിലെ പ്രോജ്വല പ്രകാശം മനുഷ്യ മനസ്സുകളിൽ എത്തിക്കാനായാൽ നിഷ്കളങ്കഹൃദയങ്ങൾക്കകത്ത് മാറ്റങ്ങളുടെ കൊടുങ്കാറ്റ് വീശും; സംശയമില്ല. സകല ദർശനങ്ങളെയും അതിജയിക്കാനായി സർവശക്തൻ അവതരിപ്പിച്ച സത്യമതത്തെ മനുഷ്യനിർമിത വർണക്കടലാസുകളിൽ പൊതിഞ്ഞ് അവതരിപ്പിക്കേണ്ടതില്ല. അത് അല്ലാഹു അവതരിപ്പിച്ച അതേ രൂപത്തിൽ ജനങ്ങൾക്കു മുന്നിൽ സമർപ്പിച്ചാൽ മാത്രം മതി.

ആദർശപ്രബോധനത്തിന്റെ മാർഗങ്ങളിലൊന്നായി ഖുർആൻ നിർദേശിക്കുന്നത് നല്ല രീതിയിലുള്ള സംവാദങ്ങളാണ്. പ്രവാചകന്റെ ജീവിതത്തിൽ മക്കാമുശ്‌രിക്കുകളുമായും വേദക്കാരുമായും സംവാദങ്ങൾ നടന്നതായി കാണാൻ കഴിയും. നജ്‌റാനിലെ ക്രൈസ്തവ പുരോഹിതന്മാരുമായി നടന്ന സംവാദം സുവിദിതമാണ്. താൻ ഇബ്‌റാഹീമിന്റെ മതത്തിലാണെന്ന് മുഹമ്മദ് നബി(സ) അവകാശപ്പെട്ടപ്പോൾ 'ഇബ്‌റാഹീം യഹൂദിയായിരുന്നവല്ലോ'യെന്ന് തർക്കിച്ച ജൂതന്മാരോട് 'തൗറാത്ത് കൊണ്ടുവരൂ അത് നമുക്കിടയിൽ വിധിപറയട്ടെ'യെന്ന് പ്രവാചകൻ(സ) സംവദിച്ചതായി സൂറത്ത് *ആലുഇംറാനി*ലെ 23-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നുജരീർ ഉദ്ധരിക്കുന്നുണ്ട്. വ്യഭിചരിച്ചവർക്കുള്ള ശിക്ഷയുമായി ബന്ധപ്പെട്ട് ജൂതന്മാരോട് തൗറാത്ത് കൊണ്ടുവരാൻ കൽപിച്ച സംഭവവും (ബുഖാരി ഉദ്ധരിച്ചത്) മതസംവാദത്തിനുള്ള തെളിവാണ്.




**മതസംവാദങ്ങൾ മതസൗഹാർദ സമ്മേളനങ്ങളായി മാറിക്കൂടാ. അവനവന്റെ മതം പറയുന്നതെന്താണെന്ന് തുറന്ന് പറയാനും അപരന്റെ വിമർശനങ്ങൾ ക്ഷമയോടെ ശ്രവിക്കാനും അതിന് തനിക്ക് പറയാനുള്ള മറുപടി കേൾപ്പിക്കാനുമെല്ലാമുള്ളതാണ് മതസംവാദവേദികൾ. കാപട്യത്തിനും മുഖംമൂടികൾക്കും അവിടെ ഇടംകൊടുത്തുകൂടാ. "എല്ലാം ശരി" യെന്ന സർവമത സത്യവാദത്തിന്റെ ആശയം വഹിക്കുന്ന മനസ്സുമായി സംവാദവേദി വിട്ടുപോകുന്നവരാണ് ശ്രോതാക്കളെങ്കിൽ അത് ഖുർആൻ അനുശാസിക്കുന്ന സംവാദത്തിന്റെ ധർമം നിർവഹിക്കുന്നില്ലെന്നുറപ്പാണ്.**

സൈദുബ്നു സാബിത് മുതൽ സൽമാനുൽ ഫാരിസിവരെയുള്ള സ്വഹാബിമാരും, മാലിക്ബ്നു ദീനാർ മുതൽ കഅ്ബുൽ അഹ്ബാർ വരെയുള്ള താബിഉകളും, പ്രഗൽഭ പണ്ഡിതന്മാരായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ മുതൽ ഇബ്നുൽഖയ്യിം വരെയുള്ളവരും മറ്റു വേദഗ്രന്ഥങ്ങൾ ഉദ്ധരിക്കുകയും ഇസ്‌ലാമിന്റെ സത്യത വ്യക്തമാക്കുകയും സംവാദങ്ങൾ നടത്തുകയും ചെയ്തിരുന്നതായി ചരിത്രം പരിശോധിച്ചാൽ മനസ്സിലാവും. ഇന്ത്യയിൽ ജീവിച്ചിരുന്ന മഹാപണ്ഡിതന്മാരായ ശൈഖ് സനാഉല്ലാ അമൃതസരിയും ശൈഖ് റഹ്മത്തുല്ലാ കീറാനവിയും മറ്റുള്ളവരുമായി സംവദിച്ച് ഇസ്‌ലാമിന്റെ സത്യത സ്ഥാപിക്കുന്നതിൽ അഗ്രഗണ്യരായിരുന്നു. കീറാനവിയുടെ ക്രിസ്തുമത ഖണ്ഡനമായ *ഇദ്ഹാറുൽ ഹഖ്* ഏറെ പ്രസിദ്ധമാണ്. കേവലമൊരു കച്ചവടക്കാരനായിരുന്ന അഹ്മദ് ദീദാത്തിനെ ഇസ്‌ലാമിക പ്രബോധന രംഗത്തേക്ക് കൊണ്ടുവന്നതും, ആധുനിക കാലഘട്ടത്തിലെ ശ്രദ്ധേയനായ ഇസ്‌ലാമിക പ്രബോധകനും ക്രിസ്തുമതഖണ്ഡകനുമാക്കിയത് ഈ ഗ്രന്ഥമാണ്. ബൈബിൾ ഉദ്ധരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഇസ്‌ലാമിക പ്രബോധനം തീരെ വെച്ചുപൊറുപ്പിക്കാൻ കഴിയാത്തതിനാൽ ബ്രിട്ടീഷ് സർക്കാർ ശൈഖ് കീറാനവിയെ നാടുകടത്തുകയാണുണ്ടായത്. ശിഷ്ടകാലം മസ്ജിദുൽ ഹറമിൽ ദർസ് നടത്തിക്കൊണ്ടാണ് അദ്ദേഹം ജീവിച്ചത്. ഇന്ത്യയിലെ അഹ്‌ലെ ഹദീസ് പ്രസ്ഥാനത്തിന്റെ സ്ഥാപകനും രണ്ട് ഖുർആൻ തഫ്സീറുകളുടെ കർത്താവുമായ ശൈഖ് സനാഉല്ലാ അമൃതസരി ഹിന്ദുമതഗ്രന്ഥങ്ങളിലും ബൈബിളിലും വ്യുൽപത്തിയുള്ള പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്ക് മറുപടി പറയാനാവാതെ സി.ജി ഫാണ്ടറെ പോലെയുള്ള ക്രിസ്തുമത പണ്ഡിതന്മാരും ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതിയുമെല്ലാം ഒഴിഞ്ഞുമാറി നടക്കുകയായിരുന്നു.

വേദക്കാരുമായി സംവദിക്കേണ്ടതെങ്ങനെയെന്ന് ഖുർആൻതന്നെ കൃത്യമായി നമ്മെ പഠിപ്പിക്കുന്നുണ്ട് "പറയുക! വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്). നിങ്ങൾ പറയുക: ഞങ്ങൾ അല്ലാഹുവിന് കീഴ്പ്പെട്ടവരാണ് എന്നതിന് നിങ്ങൾ സാക്ഷ്യംവഹിച്ചുകൊള്ളുക" (3:64).

രണ്ട് കൂട്ടരും അംഗീകരിക്കുന്ന ഒരേ തത്ത്വത്തിലേക്ക് വരാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് സംവാദമാരംഭിക്കേണ്ടതെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. സകല പ്രവാചകന്മാരും പഠിപ്പിച്ച ഇസ്‌ലാമിലേക്ക് പ്രസ്തുത പ്രവാചകന്മാരുടെ അനുയായികളും അവരിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥത്തിന്റെ വക്താക്കളുമെന്ന് സ്വയം അവകാശപ്പെടുന്നവരെ ക്ഷണിക്കാനാണ് ഈ സൂക്തത്തിലൂടെ ഖുർആൻ ആഹ്വാനം ചെയ്യുന്നത്. വേദഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടവയാണെങ്കിലും അവയുടെ വക്താക്കളെന്ന് അവകാശപ്പെടുന്നവരുടെ ജീവിതത്തിൽ നിന്ന് അന്യം നിന്നുപോയ ശുദ്ധമായ ഏകദൈവാരാധനയിലേക്കുള്ള ക്ഷണത്തിന് ഏറെ പ്രധാന്യമുണ്ട്. പ്രവാചകന്മാരൊന്നും പഠിപ്പിച്ച വിശ്വാസ സംഹിതകളുമായി പൊരുത്തപ്പെടുന്നതല്ല ക്രിസ്തുമതത്തിന്റെ ദൈവസങ്കൽപ്പമെന്ന വസ്തുതയുടെ സ്ഥാപനം തന്നെയാണ് ഇന്നും ക്രിസ്ത്യൻ-മുസ്‌ലിം സംവാദങ്ങളിൽ ഒന്നാമതായി പരിഗണിക്കപ്പെടുന്നത്.

വ്യത്യസ്ത മതവിശ്വാസികൾ തമ്മിൽ സൗഹൃദപൂർണമായ സഹവർത്തിത്വമാണുണ്ടാവേണ്ടതെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ഇന്ത്യയെപ്പോലുള്ള ബഹുമത-മതനിരപേക്ഷ സാമൂഹിക സംവിധാനത്തിൽ ഇത്തരം സഹവർത്തിത്വം ഏറെ പ്രധാനവും രാഷ്ട്രപുരോഗതിക്ക് അനിവാര്യവുമാണെന്ന കാര്യത്തിലും രണ്ട് അഭിപ്രായമുണ്ടാകാനിടയില്ല. എന്നാൽ മതസമന്വയത്തിലൂടെയാണ് മതസൗഹാർദമുണ്ടാവേണ്ടത് എന്ന വാദം നിരർത്ഥകമാണ്. മതസമന്വയം ഒരു ഉട്ടോപ്യൻ ആശയമാണ്. ഒരിക്കലും നിലവിൽവരാത്ത ആശയം. അങ്ങനെയുണ്ടാക്കാനുള്ള പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടതായാണ് ചരിത്രം.

മതവിശ്വാസികൾ പരസ്പരം അറിയുകയും ആശയങ്ങൾ കൈമാറുകയും ചെയ്യുകവഴിയാണ് യഥാർഥത്തിലുള്ള സൗഹൃദമുണ്ടാവുക. ഓരോരുത്തരും തങ്ങൾ വിശ്വസിച്ചാദരിക്കുന്ന ആദർശങ്ങൾ സത്യസന്ധവും മോക്ഷപ്രാപ്തിക്ക് നിമിത്തമായ മാർഗവുമാണെന്ന് ഉറച്ച് വിശ്വസിക്കുമ്പോൾതന്നെ അപരനും അയാളുടെ ആദർശത്തെക്കുറിച്ച് അങ്ങനെ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് അംഗീകരിക്കുകയും ആ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാതെതന്നെ രണ്ട് ആശയങ്ങളുടെയും സത്യതയെക്കുറിച്ച് പരസ്പരം സംവദിക്കുകയും ചെയ്യുമ്പോൾ സ്നേഹവും സൗഹൃദവും വർധിക്കുക മാത്രമേ ചെയ്യൂ. മതവിശ്വാസികൾ തങ്ങളുടെ ആശയങ്ങളെ വെള്ളം കടക്കാത്ത അറകളായി സങ്കൽപിച്ച് പരസ്പരം അറിയാനു

ള്ള പരിശ്രമമില്ലായ്മകൊണ്ട് തെറ്റിദ്ധാരണകളും അതു മൂലമുള്ള അസഹിഷ്ണുതയും വർധിച്ചുവരുന്ന ഇക്കാലത്ത് ഇത്തരം സംവാദങ്ങൾക്ക് ഏറെ സാമൂഹിക പ്രസക്തിയുണ്ട്.

സംവാദങ്ങൾക്ക് പല ലക്ഷ്യങ്ങളുമുണ്ടാകാറുണ്ട്. തോൽപിക്കാനും ജയിക്കാനും വേണ്ടി സംവാദങ്ങൾ സംഘടിപ്പിക്കപ്പെടാറുണ്ട്. പദക്കസർത്തുകളും സംസാരവൈഭവവുംകൊണ്ട് എതിരാളിയെ തറപറ്റിക്കാനാണ് ഇത്തരം സംവാദങ്ങളിൽ ഇരുവിഭാഗവും ശ്രമിക്കാറുള്ളത്. തർക്കശാസ്ത്രത്തിന്റെ സങ്കീർണതകളിൽ മറുപക്ഷത്തെ കുരുക്കിയിടാൻ കഴിയുന്നവർ ജയിച്ചവരായി വിലയിരുത്തപ്പെടുന്നു. കൈയടികളുടെയും ആരവങ്ങളുടെയും തിമിർപ്പിൽ സംവാദത്തിന് തിരശ്ശീല വീഴുന്നതോടെ സത്യം തമസ്കരിക്കപ്പെടുകയും വികാരം വിജയിക്കുകയും ചെയ്യുകയാണ് പതിവ്.

ദൈവികമാർഗത്തിലേക്കുള്ള ക്ഷണത്തിനുള്ള മാർഗമായിട്ടാണ് ഖുർആൻ സംവാദത്തെ പരിചയപ്പെടുത്തുന്നത്. സത്യമതത്തിന്റെ വെളിച്ചം എത്താത്തവർക്ക് എത്തിച്ചുകൊടുക്കുകയാണ്, ആവണം പ്രബോധകരുടെ സംവാദത്തിന്റെ ലക്ഷ്യം. അതല്ലാതെ, വീറും വാശിയും വളർത്തുകയോ ജയിച്ച് സമുദായത്തിന്റെ അംഗീകാരം നേടുകയോ വൈകാരിക വിക്ഷോഭങ്ങളുണ്ടാക്കുകയോ ചെയ്യാനായി സംവാദങ്ങൾ നടത്തുകയെന്നത് മുസ്ലിമിന് അചിന്ത്യമാണ്. വേദഗ്രന്ഥത്തിന്റെ വക്താക്കളെന്ന് അവകാശപ്പെടുന്നവരുമായി നല്ല നിലയിലേ സംവദിക്കാവൂ എന്ന് ഖുർആൻ അനുശാസിക്കുന്നു. മാന്യമായി സത്യത്തിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള ഒരു സംവാദമോഡൽ ഖുർആൻ തന്നെ പഠിപ്പിക്കുന്നുണ്ടല്ലോ (3:64).


സംവാദങ്ങൾ നല്ല നിലയിലും ഗുണകാംക്ഷയോടുകൂടിയും പരസ്പര ബഹുമാനത്തോടുകൂടിയുമാകണമെന്ന് പറയുന്നതിനർഥം, നമുക്ക് പറയാനുള്ള ആശയങ്ങൾ മറച്ചുവെച്ചോ അവ മറ്റുള്ളവർക്ക് മനസ്സിലാകാത്ത രീതിയിൽ പ്രകടിപ്പിച്ചോ ആവണം എന്നല്ല. മതസംവാദങ്ങൾ മതസൗഹാർദ സമ്മേളനങ്ങളായി മാറിക്കൂടാ. അവനവൻെറ മതം പറയുന്നതെന്താണെന്ന് തുറന്ന് പറയാനും അപരൻെറ വിമർശനങ്ങൾ ക്ഷമയോടെ ശ്രവിക്കാനും അതിന് തനിക്ക് പറയാനുള്ള മറുപടി കേൾപ്പിക്കാനുമെല്ലാമുള്ളതാണ് മതസംവാദവേദികൾ. കാപട്യത്തിനും മുഖംമൂടികൾക്കും അവിടെ ഇടംകൊടുത്തുകൂടാ. “എല്ലാം ശരി” യെന്ന സർവമത സത്യവാദത്തിന്റെ ആശയം വഹിക്കുന്ന മനസ്സുമായി സംവാദവേദി വിട്ടുപോകുന്നവരാണ് ശ്രോതാക്കളെങ്കിൽ അത് ഖുർആൻ അനുശാസിക്കുന്ന സംവാദത്തിന്റെ ധർമം നിർവഹിക്കുന്നില്ലെന്നുറപ്പാണ്.

മതസംവാദങ്ങൾ സമന്വയത്തിന്റെ സന്ദേശമാണ് നൽകേണ്ടതെന്ന് പറയപ്പെടാറുണ്ട്. ശുദ്ധ അസംബന്ധമാണത്. സത്യവും അസത്യവും തമ്മിൽ സമന്വയിപ്പിക്കുക സാധ്യമല്ല. സ്രഷ്ടാവിനെമാത്രം ആരാധിക്കണമെന്ന് അനുശാസിക്കുന്ന ദർശനവും സൃഷ്ടിപൂജക്കാവശ്യമായ ദാർശനിക അടിത്തറ നിർമിക്കുന്ന തത്ത്വശാസ്ത്രങ്ങളും തമ്മിൽ സമന്വയിക്കുക സാധ്യമല്ല. പ്രവാചക പ്രബോധനങ്ങളിൽ നിന്ന് വഴിതെറ്റിയവരെ ദൈവികബോധനത്തിന്റെ അവികലമായ പാതയെക്കുറിച്ച് ബോധ്യപ്പെടുത്തുകയാണ് ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം മതസംവാദത്തിന്റെ ലക്ഷ്യം. “ഒരേ ലക്ഷ്യത്തിലേക്കുള്ള വ്യത്യസ്ത പാതകൾ മാത്രമാണ് മതങ്ങളെല്ലാം” എന്ന സമന്വയത്തിന്റെ പാഠമാണ് സംവാദം വഴി ശ്രോതാവിന് ലഭിക്കുന്നതെങ്കിൽ അതിന് ചെലവായ അർഥവും ഊർജവുമെല്ലാം വ്യർഥമാണ്.

സംവാദത്തിൽ മറുപക്ഷത്തോട് സംഘട്ടനാത്മകമായി പ്രതികരിക്കണമെന്നല്ല ഇപ്പറഞ്ഞതിന്നർഥം. നല്ല നിലക്ക് ഗുണകാംക്ഷയോടുകൂടിത്തന്നെ കാര്യങ്ങൾ തുറന്ന് പറയുന്ന രീതിയാണ് വേണ്ടതെന്ന് പറഞ്ഞുവെന്നുമാത്രം. ഇസ്ലാം മാത്രമാണ് സത്യമതമെന്ന് സ്ഥാപിച്ചുകൊണ്ട് സംസാരിക്കുകയാണ് മതസംവാദങ്ങളിൽ മുസ്ലിം ചെയ്യേണ്ടത്. അമുസ്ലിംകൾ തങ്ങൾ വിശ്വസിക്കുന്ന മതം മാത്രമാണ് സത്യമെന്ന് സ്ഥാപിക്കുന്നത് മാന്യമായിരുന്ന് കേൾക്കാനും അതിന് സത്യസന്ധവും വസ്തുനിഷ്ഠവുമായ വിമർശനങ്ങളുന്നയിക്കാനും പ്രബോധകർക്ക് കഴിയേണ്ടതാണ്. അതോടൊപ്പംതന്നെ മറുപക്ഷത്തിന്റെ വിമർശനങ്ങളോട് സൃഷ്ടിപരമായി പ്രതികരിക്കാനും പ്രമാണങ്ങളിൽ ഊന്നിനിന്നുകൊണ്ട് മറുപടി നൽകാനും സാധിക്കുകയും വേണം. അപ്പോൾ മാത്രമാണ് അത് ദൈവിക മാർഗത്തിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള സംവാദമായിത്തീരുക. അത്തരം സംവാദങ്ങൾക്ക് പ്രബോധിതരുടെ മനസ്സിൽ മാറ്റത്തിന്റെ അലയൊലികൾ സൃഷ്ടിക്കാൻ കഴിയും. ‘ഒരു സംവാദം നടത്തി’യെന്ന ആത്മസംതൃപ്തിയിലുപരിയായി മറ്റൊന്നുംതന്നെ സംഘാടകർക്കോ അനുവാചകർക്കോ നൽകാത്ത രീതിയിലുള്ള സർവമത സത്യവാദത്തിലെത്തുന്ന സംവാദങ്ങൾക്കുപകരം യഥാർഥ മതസംവാദങ്ങൾ സംഘടിപ്പിക്കാനാണ് നാം സന്നദ്ധരാകേണ്ടത്.

തങ്ങളുൾക്കൊള്ളുന്നത് സത്യം തന്നെയാണെന്നും ശാശ്വത നന്മയിലേക്ക് നയിക്കുന്ന ജീവിത രീതിയാണ് തങ്ങൾ നയിക്കുന്നതെന്നും കരുതുന്നവരാണ് മതവിശ്വാസികളിൽ അധികവും. പൂർവികരിൽനിന്ന് അനന്തരമെടുത്ത വിശ്വാസാചാര സംഹിതകളെല്ലാം അബദ്ധജഡിലമാണെന്ന് ഒരൊറ്റ നിമിഷം കൊണ്ട് അംഗീകരിപ്പിക്കാൻ കഴിയുക ദുഷ്കരമാണ്. സത്യമാണെന്ന് കരുതി പിൻപറ്റിപ്പോരുന്ന പ്രമാണങ്ങളെല്ലാം മിഥ്യയാണെന്നും

**സത്യമതത്തിന്റെ വെളിച്ചം എത്താത്തവർക്ക് എത്തിച്ചുകൊടുക്കുകയാണ്, ആവണം പ്രബോധകരുടെ സംവാദത്തിന്റെ ലക്ഷ്യം. അതല്ലാതെ, വീറും വാശിയും വളർത്തുകയോ ജയിച്ച് സമുദായത്തിന്റെ അംഗീകാരം നേടുകയോ വൈകാരിക വിക്ഷോഭങ്ങളുണ്ടാക്കുകയോ ചെയ്യാനായി സംവാദങ്ങൾ നടത്തുകയെന്നത് മുസ്ലിമിന് അചിന്ത്യമാണ്. വേദഗ്രന്ഥത്തിന്റെ വക്താക്കളെന്ന് അവകാശപ്പെടുന്നവരുമായി നല്ല നിലയിലേ സംവദിക്കാവൂ എന്ന് ഖുർആൻ അനുശാസിക്കുന്നു.**



നാശത്തിലേക്കാണ് അവ നയിച്ചുകൊണ്ടിരിക്കുന്നതെന്നും മനസ്സിലാക്കാനും ഉൾക്കൊള്ളാനും പ്രബോധിതന് സമയവും സാവകാശവും ആവശ്യമായിരിക്കും. ഈ രൂപത്തിൽ സാവകാശം നൽകി കൃത്യവും വ്യക്തവുമായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ സത്യമതത്തിന്റെ മൗലികതയും സത്യതയും അയാളെ ബോധ്യപ്പെടുത്തുകയുമാണ് പ്രബോധകന്റെ കടമ. അയാളുടെ ബുദ്ധിയെ ഉദ്ദീപിപ്പിക്കുകയും യുക്തിബോധത്തെ സജീവമാക്കുകയും ചെയ്തുകൊണ്ട് തെറ്റുപറ്റാത്ത പ്രമാണങ്ങളുടെ വെളിച്ചത്തിൽ സംവദിക്കുന്നതിലൂടെ താൻ ഉൾകൊള്ളുന്ന വിശ്വാസ സംഹിതകളുടെ അടിസ്ഥാന രാഹിത്യവും ദൈവിക മതം മാത്രമാണ് സത്യമെന്ന യാഥാർഥ്യവും അയാളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞേക്കും. വിജ്ഞാനത്തിന്റെയും പ്രമാണങ്ങളുടെയും ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് പ്രബോധിതരുടെ മനസ്സിൽ മാറ്റങ്ങൾ ഉണ്ടാക്കേണ്ടത്. ഇത്തരം മാറ്റങ്ങളാണ് സംവാദങ്ങളിലൂടെ പ്രബോധകന്മാർ ലക്ഷ്യമാക്കേണ്ടത്.

പ്രബോധിത മനസ്സിൽ മാറ്റങ്ങളുണ്ടാക്കുന്നത് പടച്ചതമ്പുരാനാണ്. ആരെയും പരിവർത്തിപ്പിക്കാൻ നമുക്കാർക്കും കഴിയില്ല. നമ്മുടെ കടമ സത്യസന്ദേശം കലർപ്പില്ലാതെ എത്തിച്ചുകൊടുക്കുക മാത്രമാണ്. പ്രബോധിതനെക്കുറിച്ച് കൃത്യമായി അറിയാവുന്ന അല്ലാഹുവാണ് അവന്ന് മാർഗദർശനം നൽകുന്നത്. മനുഷ്യമനസുകളെക്കുറിച്ച് വ്യക്തവും സൂക്ഷ്മവുമായി അറിയാവുന്ന അല്ലാഹുവിനാണ് അവനിൽ മാറ്റമുണ്ടാവുക എങ്ങനെയാണെന്ന് കൃത്യമായി അറിയുക. നമ്മുടെ തന്ത്രങ്ങൾക്കും രൂപരേഖകൾക്കുമപ്പുറം അല്ലാഹുവിന്റെ മാർഗനിർദേശമാണ് ഈ രംഗത്ത് പിൻപറ്റേണ്ടത് എന്ന് പറയുന്നത് ഇതുകൊണ്ടാണ്. ദൈവമാർഗനിർദേശത്തിന്റെ വരുതിക്കുള്ളിൽനിന്നു കൊണ്ടുള്ള പ്രബോധന സംരംഭങ്ങൾക്കു മാത്രമേ വിജയം കണ്ടെത്താൻ കഴിയൂ.

ഇസ്‌ലാമിക പ്രബോധനത്തിന്റെ രീതിശാസ്ത്രമെന്താണെന്ന് പഠിപ്പിക്കുന്ന ഖുർആൻ വചനം ഇക്കാര്യം നമ്മെ തെര്യപ്പെടുത്തുന്നുണ്ട്. "യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക"(16:125)യെന്നാണ് ഖുർആന്റെ നിർദേശം. യുക്തിദീക്ഷയെന്ന് ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'ഹിക്മത്ത്' എന്ന അറബി പദത്തെയാണ്. വിജ്ഞാനം, തത്ത്വജ്ഞാനം എന്നിങ്ങനെയും ഈ പദത്തിനർഥമുണ്ട്. പ്രബോധിത മനസ്സിൽ മാറ്റമുണ്ടാക്കാൻ അറിവും പ്രമാണങ്ങളുമാണ് ഉപയോഗിക്കപ്പെടേണ്ടതെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. യുക്തിദീക്ഷകൊണ്ട് ഖുർആനും സദുപദേശംകൊണ്ട് നബിചര്യകളുമാണ് വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യാഖ്യാനിച്ച പണ്ഡിതന്മാരുണ്ട്. ഏതായിരുന്നാലും സത്യമതത്തിന്റെ മൗലികത ബോധ്യപ്പെടുത്തുന്ന വിധത്തിൽ പ്രബോധിതന്റെ യുക്തിബോധത്തെ ഉദ്ദീപിപ്പിക്കാൻ അറിവും പ്രമാണവുമുപയോഗിക്കുകയാണ് പ്രബോധകർ ചെയ്യേണ്ടതെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. നമുക്ക് പറയാനുള്ളതെന്താണെന്ന് കൃത്യമായി പറയാതെ ആരുടെയും മനസ്സിൽ മാറ്റമുണ്ടാക്കാനാവില്ല. ഹൃദയത്തിന് വെളിച്ചം നൽകുന്ന രീതിയിലുള്ള സദുപദേശങ്ങളും താനുൾക്കൊള്ളുന്ന വിശ്വാസ പ്രമാണങ്ങളുടെ അർഥരാഹിത്യം ബോധ്യപ്പെടുത്തുന്ന സംവാദങ്ങളുമെല്ലാം വഴി സത്യമതപ്രബോധനമാകണമെന്നാണ് ഖുർആന്റെ അനുശാസന.

യുക്തിദീക്ഷയോടുകൂടിയാകണം പ്രബോധനമെന്ന് ഖുർആൻ പറഞ്ഞതിൽ നിന്ന് പ്രബോധിതർക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങളൊന്നും പ്രബോധകർ പറയാൻ പാടില്ലെന്ന് മനസിലാക്കിക്കൂടാ. പ്രബോധനരംഗത്ത് വിശ്വാസികളുടെയെല്ലാം മാതൃക പ്രവാചകന്മാരാണ്. സമൂഹത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ പറയുകയും പ്രചരിപ്പിക്കുകയും ചെയ്തത് വഴിയാണല്ലോ അവർ അനഭിമതരായിത്തീർന്നത്. ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ മറച്ചുവെക്കുകയോ മനസ്സിലാകാത്ത ഭാഷയിൽ പറയുകയോ ചെയ്യുക ഭീരുത്വമാണ്. സത്യസന്ദേശമെത്തിക്കാൻവേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകന്മാർ ധീരരും തങ്ങളുടെ പ്രവർത്തനങ്ങൾവഴി ഭൗതികമായ നേട്ടം കാംക്ഷിക്കാത്തവരുമായിരുന്നതിനാലാണ് സത്യം തുറന്നു പറയാൻ അവർ സന്നദ്ധരാവുകയും അതുവഴി സമൂഹത്തിന്റെ അനിഷ്ടത്തിന് പാത്രമാവുകയും ചെയ്തത്. പരലോകമോക്ഷം മാത്രം കാംക്ഷിച്ചു കൊണ്ട് പ്രബോധന പ്രവർത്തനങ്ങളിലേർപ്പെട്ടവർക്ക് പ്രവാചകന്മാരാണ് മാതൃകയാകേണ്ടത്.

വിമർശനങ്ങൾക്കും ഭർത്സനങ്ങൾക്കും മുമ്പിൽ അടിപതറാതെ ഉറച്ചു നിന്നവരായിരുന്നു പ്രവാചകന്മാർ. ദൈവിക മാർഗനിർദേശങ്ങളിൽ ചെറിയ ചില തിരുത്തലുകൾ വരുത്തിയാൽ പ്രവാചകന്മാർക്കും അനുയായികൾക്കും നേരെ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന എല്ലാ വിധ അക്രമങ്ങളും അവസാനിപ്പിക്കാമെന്ന ഒത്തുതീർപ്പുമായി ഒരുവിധത്തിലും യോജിക്കാൻ അവർ സന്നദ്ധരായില്ല. സ്രഷ്ടാവിൽ നിന്നുള്ള സന്ദേശങ്ങൾ അപ്പടി സമൂഹത്തിന് എത്തിച്ചു കൊടുക്കുകയാണ് തങ്ങളുടെ കർത്തവ്യമെന്നും ദൈവിക ബോധനത്തെ സമൂഹത്തിന് ഇഷ്ടപ്പെട്ട രീതിയിൽ പരിവർത്തിപ്പിക്കാൻ തങ്ങൾക്ക് കഴിയില്ലെന്നും തുറന്ന് പറഞ്ഞവരായിരുന്നു ദൈവദൂതന്മാർ. അവരുടെ പാത പിൻപറ്റികൊണ്ട് ദൈവിക പ്രകാശത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന പ്രബോധകന്മാരുടെ ഇവ്വിഷയകമായ നയവും പരിപാടിയും ഇതു തന്നെയാണ്; ഇതു തന്നെയായിരിക്കണം.

വിമർശനങ്ങളിൽ നിന്ന് ഇസ്‌ലാമിനെ രക്ഷിക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് ധരിച്ചുവശായ ചിലർ അനുവാചകർക്ക് 'ഇഷ്ടപ്പെട്ട' രീതിയിൽ മതത്തെ അവതരിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ഇസ്‌ലാമിക മൂല്യങ്ങൾ അറേബ്യൻ സമൂഹത്തിൽ എത്രത്തോളം പ്രായോഗികമായിരുന്നുവോ, അത്രതന്നെ ആധുനിക സമൂഹത്തിലും അതിന് പ്രസക്തിയുണ്ടെന്ന വസ്തുത മറന്നുകൊണ്ട് വിമർശനങ്ങളെ 'ക്ഷമാപണ' രൂപത്തിൽ നേരിടുകയും വിമർശിക്കപ്പെടുന്ന കാര്യങ്ങളെല്ലാം അറബ് സമൂഹത്തിൽ പ്രസക്തമായിരുന്നുവെന്ന് സ്ഥാപിക്കാൻ പാടുപെടുകയും ചെയ്യുന്നവർ ഇസ്‌ലാമിന്റെ സാർവകാലികതയെയാണ് യഥാർഥത്തിൽ ചോദ്യംചെയ്യുന്നത്. ഇസ്‌ലാമിക നിയമങ്ങളെല്ലാം നൂറുശതമാനവും ദൈവികവും അതുകൊണ്ടു തന്നെ മാനവികവും സാർവലൗകികവുമാണെന്ന കാര്യത്തിൽ ദൃഢജ്ഞാനമുള്ളവർ മാത്രമേ വിമർശനങ്ങൾക്ക് മറുപടി പറയാൻ ഒരുമ്പെടാവൂ എന്ന് പറയുന്നത് ഇതുകൊണ്ടാണ്. ഈ ദൃഢജ്ഞാനമുണ്ടാക്കുകയാകട്ടെ പ്രവാചകനെ പിൻപറ്റുന്നവരുടെയെല്ലാം ബാധ്യതയാണ്. "(നബിയേ) പറയുക: ഇതാണെന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ. ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (12:108).

ഈ വചനത്തിൽ 'ദൃഢബോധ്യ'മെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'ബ

സ്വീറത്ത്' എന്ന പദത്തെയാണ്. ക്ഷണിക്കുന്ന വിഷയത്തിലുള്ള പ്രമാണബദ്ധവും മനസ്സിൽ ഉൾക്കൊണ്ടുകൊണ്ടുമുള്ള ജ്ഞാനമാണ് ഈ പദം വിവക്ഷിക്കുന്നതെന്നാണ് വ്യാഖ്യാതാക്കളുടെ പൊതുവായ പക്ഷം. എന്തിലേക്കാണോ ഒരാൾ ക്ഷണിക്കുന്നത് അത് പ്രമാണബദ്ധമാണോയെന്ന് പരിശോധിക്കാൻ അയാൾ ബാധ്യസ്ഥനാണ്. ഖുർആനും സുന്നത്തുമാകുന്ന ഇസ്‌ലാമിക പ്രമാണങ്ങൾ പ്രദാനം ചെയ്യുന്ന ആശയങ്ങൾതന്നെയാണോ ഞാൻ ജനസമക്ഷം വെക്കുന്നതെന്ന് കൃത്യമായി പരിശോധിക്കപ്പെടണം. പ്രമാണങ്ങളിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള വ്യതിയാനങ്ങൾ ശ്രദ്ധയിൽപെട്ടാൽ - അത് സൂക്ഷ്മമാണെങ്കിൽ പോലും- തിരുത്താനും അവയുടെ നിഷ്കൃഷ്ടമായ പാതയിലേക്ക് തിരിച്ചുവരാനും എപ്പോഴും പ്രബോധകൻ ബദ്ധശ്രദ്ധനാവണം. അതോടൊപ്പംതന്നെ പ്രബോധിതരുടെ മുന്നിൽ സമർപിക്കപ്പെടുന്ന ആശയം തന്റെ ഉള്ളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടോയെന്ന് സ്വയം പരിശോധിക്കുകയും, തനിക്കുതന്നെ പൂർണമായി ഉൾക്കൊള്ളാൻ കഴിയാത്ത കാര്യമാണെങ്കിൽ അത് തന്റെ അറിവിന്റെ അപര്യാപ്തതകൊണ്ടാണെന്ന് മനസ്സിലാക്കുകയും, കൂടുതൽ പഠിച്ച് സ്വയം ഉൾക്കൊണ്ടശേഷം മാത്രം അക്കാര്യം ജനസമക്ഷം വെക്കുകയും ചെയ്യണം. ഇവക്കെല്ലാംതന്നെ അറിവ് അനിവാര്യമാണ്. താൻ പറയുന്ന വിഷയങ്ങളിലുള്ള കൃത്യമായ അറിവ് നേടിയെടുത്തവനാകണം പ്രബോധകനെന്ന് പറയുന്നത് ഇതുകൊണ്ടാണ്.

മതപരമായ വിഷയങ്ങളിലെല്ലാം അഗാധമായ അറിവ് നേടിയതിനുശേഷം മാത്രമേ ഒരാൾ സത്യമത പ്രബോധനത്തിന് മുതിരേണ്ടതുള്ളൂവെന്ന് ഇതിൽനിന്ന് ആരും മനസ്സിലാക്കിക്കൂടാത്തതാണ്. "എന്നിൽ നിന്ന് നിങ്ങൾ ഒരു ആയത്തെങ്കിലും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക" എന്ന പ്രവാചക കൽപനയിൽനിന്ന്, അറിയുന്ന കാര്യങ്ങൾ അറിയാത്തവർക്ക് ഉപദേശിച്ചുകൊടുക്കേണ്ടത് ഓരോരുത്തരുടെയും ബാധ്യതയാണെന്നുതന്നെയാണ് മനസ്സിലാവുന്നത്. പ്രവാചകന്റെ അന്തിമപ്രസംഗത്തിന്റെ ഒടുക്കത്തിൽ 'ഹാജരുള്ളവർ ഹാജരില്ലാത്തവർക്കും ഈ സന്ദേശമെത്തിക്കണം' എന്ന് നിർദേശിച്ചതിൽനിന്നും മനസ്സിലാവുന്നത് മറ്റൊന്നല്ല. നന്മ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യേണ്ടത് ഓരോരുത്തരുടെയും ബാധ്യതയാണെന്നുതന്നെയാണ് പ്രവാചകവചനങ്ങൾ പഠിപ്പിക്കുന്നത്. സത്യം കൊണ്ട് ഉപദേശിക്കാത്തവർ നഷ്ടക്കാരാണെന്ന ഖുർആനികവചനം നൽകുന്ന അറിവും ഇതുതന്നെ. ഓരോ മുസ്‌ലിമും അയാളുടെ കഴിവും അറിവുമനുസരിച്ച് പ്രബോധനപ്രവർത്തനങ്ങളിൽ പങ്കാളികളാവുകതന്നെ വേണമെന്നർഥം. താൻ പ്രബോധനം ചെയ്യുന്ന വിഷയങ്ങൾ പ്രമാണബദ്ധമാണോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ ഓരോരുത്തർക്കും ബാധ്യതയുണ്ടെന്ന് മാത്രമേയുള്ളൂ.

തങ്ങൾക്ക് ലഭിച്ച അറിവ് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കാനും അങ്ങനെ അവരിൽ മാറ്റമുണ്ടാക്കാനും ആത്മാർഥമായി പരിശ്രമിച്ചവരായിരുന്നു പ്രവാചകാനുചരന്മാർ. പ്രവാചകത്വം ലഭിച്ചശേഷമുള്ള ആദ്യകാലത്തുതന്നെ മുസ്‌ലിമായ അബൂദർറുൽ ഗിഫ്ഫാരിയോട് തന്റെ ഗോത്രത്തിലേക്ക് തിരിച്ചുചെന്ന് അവരെ സത്യമാർഗത്തിലേക്ക് ക്ഷണിക്കാനാണ് മുഹമ്മദ്നബി(സ) പറഞ്ഞത്. അല്ലാഹു മാത്രമാണ് ആരാധ്യനെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നുമുള്ള സാക്ഷ്യവചനങ്ങളിൽ മാത്രം അറിവുണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രബോധനം വഴി ഗിഫ്ഫാർ ഗോത്രവും അസ്‌ലം ഗോത്രവും മൊത്തത്തിൽ മുസ്‌ലിംകളായതായാണ് ചരിത്രം പറയുന്നത്. ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ! എല്ലാ വിഷയങ്ങളിലും പൂർണജ്ഞാനം നേടിയ ശേഷമാണ് നിങ്ങൾ മറ്റുള്ളവരെ സത്യദീനിലേക്ക് ക്ഷണിക്കേണ്ടതെന്ന് മുഹമ്മദ് നബി പഠിപ്പിച്ചതായി ഹദീസ്ഗ്രന്ഥങ്ങളിലൊന്നും കാണാൻ കഴിയുന്നില്ല. പറയുന്ന വിഷയത്തിൽ ദൃഢബോധ്യത്തോടെയുള്ള പ്രമാണബദ്ധമായ അറിവ് സമ്പാദിക്കണമെന്ന ഖുർആന്റെയും പ്രവാചകന്റെയും നിർദേശം പാലിച്ച സ്വഹാബിമാർ തങ്ങൾക്ക് ലഭിച്ച ജ്ഞാനം മറ്റുള്ളവരുമായി പങ്കുവെക്കാൻ ബദ്ധശ്രദ്ധരായിരുന്നുതാനും.

വേദിയിൽവെച്ചു മാത്രം നടക്കേണ്ടവയല്ല മതസംവാദങ്ങൾ. ഓരോ മുസ്‌ലിമും തന്റെ സുഹൃത്തുക്കളുമായി നടത്തേണ്ടതാണിത്. അതിനുള്ള അറിവ് നാം സമ്പാദിച്ചേ തീരൂ. സത്യമാണെന്ന് പൂർണ ബോധ്യമുള്ള ആദർശത്തെ സുഹൃത്തുക്കളുമായി പങ്കുവെക്കാൻ നാം എന്തിനു മടിക്കണം. നിത്യരക്ഷയുടെ മാർഗത്തെകുറിച്ച ചർച്ചകളും സംവാദങ്ങളും വ്യക്തിബന്ധങ്ങളെ ഉലയ്ക്കുകയല്ല ദൃഢീകരിക്കുകയാണ് ചെയ്യുക. അനുഭവങ്ങൾ നൽകുന്ന അറിവാണിത്.

********

"പെരിന്തൽമണ്ണയിൽ വെച്ച് ഏതാനും വർഷങ്ങൾക്കുമുമ്പ് നടന്ന മതസംവാദത്തിൽ ഇസ്‌ലാമിനെ മ്ലേഛമായി അവതരിപ്പിച്ച് ചോദ്യം ചോദിച്ച ആളായിരുന്നു ഞാൻ. ഈ സംവാദത്തിന്റെ സംഘാടകനാവാൻ അല്ലാഹു എന്നെ അനുഗ്രഹിച്ചു. അൽഹംദുലില്ലാഹ്......" - അബ്ദുല്ല ഹാരിസ്.

■